**ദനഹാക്കാലം രണ്ടാം ഞായർ**

**യോഹ 8:21-30**

## യേശു ഉന്നതത്തിൽനിന്നു വന്നവൻ

**ഫാ. ജോസ് പര്യത്തറ**

യഹൂദരുടെ കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന മൂന്നു ആചരണങ്ങളുടെ വെളിച്ചത്തിലാണ് സുവിശേഷകൻ യോഹ. 7:12-8:59 ഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. കൂടാരത്തിരുനാൾ പഴയനിയമത്തിലെ ഇസ്രായേൽ സമൂഹത്തിന്റെ മരുഭൂമിവാസത്തെ അനുസ്മരിപ്പിക്കുന്നു. ഏഴു ദിവസം കൂടാരങ്ങളിൽ താമസിച്ചാണ് യഹൂദർ ഈ തിരുനാൾ ആഘോഷിച്ചിരുന്നത്. ഇതിനോടനുബന്ധിച്ചു നടന്നിരുന്ന മൂന്നു സുപ്രധാന ആചാരങ്ങൾ 1) സിലോഹകുളത്തിൽ നിന്നുള്ള വെള്ളം സ്വർണക്കുടത്തിൽ ശേഖരിച്ചു പുരോഹിതർ ദേവാലയം കഴുകിയിരുന്നു. 2) ദേവാലയത്തിന്റെ നാലു കോണിലും വലിയ ദീപസ്തംഭങ്ങൾ രാത്രികാലങ്ങളിൽ കത്തിച്ചിരുന്നു. മരുഭൂമിയിൽ ദീപസ്തംഭമായി വഴി കാണിച്ച ദൈവത്തെ അനുസ്മരിക്കുന്നു. 3) ദിവസവും പുരോഹിതർ സൂര്യോദയം വരെ കിഴക്കേ ദിക്കിനെ നോക്കി നിൽക്കുകയും സൂര്യനുദിക്കുമ്പോൾ ദേവാലയത്തിലേക്കു തിരിയുകയും ചെയ്തിരുന്നു. വിഗ്രഹാരാധന അവസാനിപ്പിച്ചു എന്നതിന്റെ അടയാളമായിരുന്നു അത്. പഴയനിയമത്തിലേക്കു വെളിച്ചം വീശുന്ന ഈ മൂന്നു സംഭവങ്ങളുടെ പശ്ചാത്തലത്തിൽ യേശു യഹൂദരുമായിട്ടുള്ള സംവാദത്തിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രമേയം.

യോഹ. 7:33-ൽ യേശു പറയുന്നു: അല്പസമയം കൂടി ഞാൻ നിങ്ങളോടു കൂടെയുണ്ട്. അതിനുശേഷം ഞാൻ എന്നെ അയച്ചവന്റെ അടുത്തേക്കു പോകും. നിങ്ങൾ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ല - ഞാൻ ആയിരിക്കുന്നിടത്തേക്കു വരാൻ നിങ്ങൾക്കു സാധിക്കുകയില്ല. 8:21-ൽ യേശു ആവർത്തിച്ചു പറയുന്നത് അതു തന്നെയാണ്. എന്നാൽ ഇവിടെ കൂടുതൽ കാർക്കശ്യത്തിലാണ് യേശു ഉദ്ബോധിപ്പിക്കുന്നത്. പ്രകാശമുള്ളപ്പോൾ നടന്നില്ലെങ്കിൽ അന്ധകാരത്തിൽ നിങ്ങൾ വഴുതി വീഴും. യേശുവിൽ വിശ്വസിക്കാത്തവർക്കു സംഭവിക്കാനിരിക്കുന്ന ആത്മനാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പാണത്. ഞാൻ ഞാൻ തന്നെയെന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും (യോഹ. 8:24).

ജ്വലിച്ചുയരുന്ന മുൾപ്പടർപ്പിൽ യഹോവായ ദൈവം മോശയ്ക്കു തന്നെത്തന്നെ വെളിപ്പെടുത്തി (പുറ. 3:2-14). I am who I am. I am the one who is, I am the existent one (പുറ. 3:14) കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ ജ്വലിച്ചു നിൽക്കുന്ന ദീപസ്തംഭങ്ങൾക്കു മധ്യേ യേശു തന്റെ പിതാവ് മോശയ്ക്കു തന്നെത്തന്നെ വെളിപ്പെടുത്തിയ ശൈലി തന്നെയാണ് ആവർത്തിക്കുന്നത്. യേശു യഥാർത്ഥത്തിൽ ദൈവത്തിന്റെ അയയ്ക്കപ്പെട്ട പുത്രനാണെന്നു വിശ്വസിക്കുക ഹൃദയം കൊണ്ടു യേശുവിനെ സ്വീകരിക്കാത്തവർ നിത്യശിക്ഷയിലേക്കുള്ള തിരഞ്ഞെടുപ്പാണ് നടത്തുന്നത്. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ദൈവത്തിന്റെ നീതിയുക്തമായ വിധി വെളിപ്പെടുന്ന ക്രോധത്തിന്റെ ദിനത്തിലേക്കു നീ നിന്റെ കഠിനവും അനുതാപരഹിതവുമായ ഹൃദയം നിമിത്തം നിനക്കു തന്നെ ക്രോധം സംഭരിച്ചു വയ്ക്കുകയാണ് (റോമാ 2:5). യഹൂദന്റെ അനുതാപരഹിതമായ കഠിനഹൃദയത്തിലേക്കു നോക്കിയാണ് യേശു പറയുക: ഞാൻ ഞാൻ തന്നെയെന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും.

സംഖ്യയുടെ പുസ്തകത്തിൽ മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയ സംഭവം നാം വായിക്കുന്നു (സംഖ്യ 2:4-9). മരുഭൂമിയിൽ ഉയർത്തപ്പെട്ട പിച്ചളസർപ്പം ദൈവത്തിന്റെ പ്രതീകമായിരുന്നു. മോശയോടു അപ്രകാരം പ്രവർത്തിക്കാൻ നിർദ്ദേശിച്ച ഇസ്രായേലിന്റെ ദൈവമായ കർത്താവ് തന്നെയാണ് അവർക്കു സൗഖ്യവും ജീവനും നൽകിയത്. അതിനാലാണ് യേശു പറയുന്നത്, നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ ഞാൻ ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത പിതാവ് നിർദ്ദേശിക്കുന്നതുപോലെ ഇക്കാര്യങ്ങൾ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും

(യോഹ. 8:28). കുരിശിൽ ഉയർത്തപ്പെട്ട യേശുവിലേയ്ക്ക് നോക്കുന്നവൻ യേശുവിനെ അയച്ച പിതാവിനെ സ്മരിക്കണം. യേശുവിൽ വിശ്വസിക്കുന്നവൻ പിതാവിലും വിശ്വസിക്കുന്നു. കാരണം പിതാവിങ്കലേയ്ക്കുള്ള വഴിയും സത്യവും ജീവനും യേശു തന്നെയാണ്.

ഇരുളിലും മരണനിഴലിലും കഴിഞ്ഞിരുന്നവരുടെമേൽ യേശു പിതാവിന്റെ പ്രകാശമായി കടന്നുവന്നതുപോലെ ഓരോ ക്രൈസ്തവനും തന്റെ ജീവിതസാക്ഷ്യം വഴി – മിശിഹായുടെ ദനഹാ – പ്രത്യക്ഷീകരണമായി മാറേണ്ടിയിരിക്കുന്നു.